# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4942 — 24.07.15 -ൽ മറുപടിക്ക്

## ജലാശയങ്ങളുടെ കൈയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.എൻ.എ.ഖാദർ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നമ്മുടെ ജലാശയങ്ങളെ കൈയ്യേറ്റത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; ഇവയെ റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;<br>(ബി) സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളെയും കൈയ്യേറ്റത്തിൽ നിന്നും വീണ്ടെടുത്തും റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയും സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) ജലാശങ്ങളെ കയ്യേറ്റത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി ജലസേചന വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇതിനായി എല്ലാ ഉദ്യോഗസ്ഥൻമാർക്കും പ്രത്യേക നിർദ്ദേശം നൽകി ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ 12.11.2013 ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട റവന്യൂ അധികൃതരുമായി ചേർന്ന് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റവന്യൂ രേഖകളിൽ ജലാശയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) ഭൂജല റീചാർജ് പ്രക്രിയയുടെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സംരംഭത്തിനായി സർക്കാർ ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ? | (സി) ഭൂജല വകുപ്പ് കഴിഞ്ഞ കുറേകാലങ്ങളായി-ഭൂജലസംരക്ഷണവും, കൃത്യമായ സംപോഷണവും എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നദികളുടെ ഭാഗമായിട്ടുള്ള ചെറിയ കൈവഴികളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെറിയ തടയണ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. 2014-15-ൽ 4 തടയണകളുടെ നിർമ്മാണം ഭൂജലവകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം 5 തടയണകളുടെ നിർമ്മാണം നടന്നു വരുന്നു. ജലവിതാനം കുറയുന്ന സ്ഥലങ്ങളിൽ ഫണ്ടിന്റെ പരിമിതിയിൽ നിന്നുകൊണ്ട് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

JSK/